(എഫ്) കൺസൾട്ടന്റിന്റെ നിയമനം നടന്നതിനു ശേഷമേ പദ്ധതി എന്ന് ആരംഭിക്കുമെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നുമുള്ളത് നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ.

(ജി) കൺസൾട്ടന്റിന്റെ നിയമനം നടക്കാത്തതിനാൽ കാലതാമസമുണ്ടായത് വഴി അധികമായി ചെലവഴിക്കേണ്ടിവരുന്ന തുക കണക്കാക്കാൻ ഇപ്പോൾ കഴിയുകയില്ല.

ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

25 (*55) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. കെ. മണി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റി എത്ര ജലവിതരണ പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട് ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണത്തിനായി എന്തു തുക കേന്ദ്രഗ്രാന്റായി ലഭിക്കും ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം എന്തു തുക ലഭിച്ചു ; അതിൽ എന്തു തുക ചെലവഴിച്ചു ;

(ഡി) ഈ വർഷം ഈയിനത്തിൽ എന്തെങ്കിലും തുക ലഭിച്ചോ ; ലഭിച്ചില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ ;

(ഇ) ഈയിനത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോ ;

(എഫ്) എങ്കിൽ എന്തുതുക ഇപ്രകാരം ചെലവഴിച്ചു ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇതുവരെ 515 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 367 പദ്ധതികൾ ആരംഭിച്ച് പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. 128 പദ്ധതികൾ ആരംഭിച്ചു. പണികൾ വിവിധ ഘട്ടത്തിലാണ്.

(ബി) 100 ശതമാനവും കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കും.

(സി) 1999-2000-ാം ആണ്ടിൽ ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പിലേക്കായി കേന്ദ്ര സർക്കാരിൽ നിന്നും 3456.30 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. മുൻ വർഷത്തെ നീക്കിയിരിപ്പായി 2234.74 ലക്ഷം രൂപയും ഉണ്ടായിരുന്നു. ഇങ്ങിനെ ആകെ ഉണ്ടായിരുന്ന 5691.04 ലക്ഷം രൂപയിൽ നിന്നും 1999-2000-ൽ 4227.56 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2000-2001 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡുവായി 2873 ലക്ഷം രൂപയും രണ്ടാം ഗഡുവായി 498.38 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

ക്രിമിലെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് കുറഞ്ഞ കാലപരിധി നിർണ്ണയിക്കാൻ നടപടി

26 (*56) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക ജാതിക്കാർക്ക് ജാതി സംവരണം ലഭിക്കുന്നതിന് ക്രിമിലെയറിൽ ഉൾപ്പെടുന്നില്ല എന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പ്രയാസവും കാലതാമസവും നേരിടുന്നതിനാൽ അർഹതയുള്ളവർക്കും സംവരണാനുകൂല്യം ലഭിക്കാതെ പോകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത് കണക്കിലെടുത്ത് ക്രിമിലെയർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കാനും അപേക്ഷകന് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഒരു കുറഞ്ഞ കാലപരിധി നിർണ്ണയിക്കാനും നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 7 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ക്രിമിലെയർ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിച്ച് പത്ത് ദിവസത്തിനകം തീർപ്പാക്കണമെന്ന് ഇപ്പോൾ തന്നെ ഉത്തരവുണ്ട്. ഈ കാലപരിധി കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്.

ഗ്രാമീണ ജലവിതരണ അതോറിറ്റിയുടെ രൂപീകരണവും പ്രവർത്തനവും

27 (*57) ശ്രീ. എ. അലിഹസ്സൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമീണ ജലവിതരണ അതോറിറ്റിയുടെ രൂപീകരണവും അതിന്റെ പ്രവർത്തനവും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിക്ക് എപ്പോഴാണ് രൂപം നല്കിയതെന്നും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നേടാൻ എത്രകണ്ട് സാധിച്ചു എന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly